**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5156** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആയി മാറിയിട്ടുണ്ട്; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അല്ലാതെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എത്രയെണ്ണം മേല്പറഞ്ഞ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 3(മൂന്ന്) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെ ആകെ 85 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് ഉള്ളത്. ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എല്ലാം ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രത്യക്ഷ സേവനങ്ങളായ രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി നിലവാരം അറിയുക തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി (www.eemployment.kerala.gov.in എന്ന ഓൺലൈൻ മുഖേന) എല്ലായ്പ്പോഴും എവിടെ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ